**മൂക്കൻപെട്ടി വനസംരക്ഷണ സമരം മുതൽ പങ്കാളിത്ത വനപരിപാലനവുമായി ബന്ധപ്പെട്ട പഠനയാത്രകൾ വരെ നീളുന്ന പശ്ചിമഘട്ട അനുഭവങ്ങൾ പങ്കുവയ്ക്കുന്നു**

**ജോസഫ് നെടുമ്പുറം**

# പശ്ചിമഘട്ടത്തിന്റെ പൊരുളറിയാൻ

**സ്കൂളിലെ** പാഠപുസ്തകങ്ങളിൽ നിന്നാണ് പശ്ചിമഘട്ടം എന്നു ഞാൻ ആദ്യമായി കേൾക്കുന്നത്. പശ്ചിമഘട്ടത്തിന്റെ മടിത്തട്ടിൽ ജനിച്ചുവളർന്ന ഞാൻ അങ്ങു വിദൂരതയിലുള്ള ഏതോ പ്രതിഭാസമായിട്ടാണ് പശ്ചിമഘട്ടത്തെ കണ്ടത്. വീടിന്റെ വരാന്തയിൽ ഇരുന്നാൽ കാണുന്ന മൂക്കൻപെട്ടി വന നിരയും അതിനപ്പുറം നീല വിഹായസ്സിനോടു ചേർന്നുനിൽക്കുന്ന പീരുമേട്-വാഗമൺ മലനിരകളും പശ്ചിമഘട്ടത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയാൻ പിന്നെയും വർഷങ്ങൾ വേണ്ടിവന്നു. മൂക്കൻപെട്ടി വനസംരക്ഷണ സമരം, പശ്ചിമഘട്ട രക്ഷായാത്ര, അശാമ്പുകുന്നുകൾ മുതൽ ആദൂർകാടുകൾ വരെ എന്ന പരിസ്ഥിതി പഠനയാത്ര, സേവ് വാട്ടേഴ്സ്-സേവ് ലൈഫ് എന്ന മത്സ്യത്തൊഴിലാളി പ്രചരണയാത്ര, പങ്കാളിത്ത വനപരിപാലനവുമായി ബന്ധപ്പെട്ട പഠനയാത്രകൾ എന്നിവയാണ് പശ്ചമിഘട്ടത്തിന്റെ മഹിമ എനിക്ക് ബോധ്യമാക്കിത്തന്നത്. 1972-ൽ കന്യാകുമാരിയിൽ നിന്നും തിരുവനന്തപുരം വരെയുള്ള നടത്തത്തിലാണ് പശ്ചിമഘട്ടത്തിന്റെ തെക്കൻ മുനമ്പ് ഞാൻ പരിചയപ്പെടുന്നത്. മരുത്വാമല ഉൾപ്പെടെയുള്ള തെക്കൻ മലകൾ ഉയർന്നുപോകുന്ന കാഴ്ച അന്ന് വെറും കൗതുകം മാത്രമായിരുന്നു.

### മൂക്കൻപെട്ടി വനസംരക്ഷണ സമരം

1986 ജൂൺ - ജൂലൈ മാസത്തിലാണ് മൂക്കൻപെട്ടി സെലക്ഷൻ ഫെല്ലിംഗ് ആരംഭിക്കുന്നത്. അതീവ രഹസ്യമായി വനംവകുപ്പ് നടത്തിയ ഈ വനനശീകരണം ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത് വനംവെട്ട് ആരംഭിച്ചതിനുശേഷമാണ്. ശാസ്ത്രസാഹിത്യപരിഷത്ത് മുക്കൂട്ടുതറ യൂണിറ്റ്, കൈരളി കലാവേദി ചാത്തൻതറ, കേരളയുവജനവേദി, ഗാന്ധിയുവമണ്ഡലം, സീഡിയൻ സർവ്വീസ് സൊസൈറ്റി എന്നീ സംഘടനകൾ ഒത്തുചേർന്ന് ഈ വനനശീകരണത്തിനെതിരെ മൂക്കൻപെട്ടി വനസംരക്ഷണ സമിതി എന്ന സന്നദ്ധ സംഘടനയ്ക്ക് രൂപം നൽകി. സമരത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് സമരസഹായങ്ങൾ അഭ്യർത്ഥിച്ചുകൊണ്ടും ഒരു ലഘുലേഖ അച്ചടിച്ച് കേരളമെമ്പാടും അയച്ചുകൊടുക്കുകയും ചെയ്തു. കോട്ടയം ജില്ലയിലെ മുക്കൂട്ടുതറ എന്ന കൊച്ചുഗ്രാമത്തിലെ ഏതാനും ചെറുപ്പ

ക്കാർ ചേർന്ന് തുടങ്ങിയ സമരം അതോടെ കേരളം ഏറ്റെടുക്കുകയായിരുന്നു. തൃശൂരിൽ നിന്നും എ. മോഹൻകുമാറും അന്തരിച്ച ശരത് ചന്ദ്രനും തിരുവനന്തപുരത്തുനിന്ന് ഡോ. സതീഷ് ചന്ദ്രൻ നായരും ഡോ. ശാന്തിയും ഓടിയെത്തി. പിന്നീട് നടന്നത് ഇവരുടെ നേതൃത്വത്തിലുള്ള ബോധവൽക്കരണ ക്ലാസ്സുകൾ ആയിരുന്നു. പകൽ മുഴുവൻ വീടുകൾ കേന്ദ്രീകരിച്ചുള്ള പ്രചരണപരിപാടിയും രാത്രി എവിടെയെങ്കിലും കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണ പരിപാടിയുമാണ് പ്രധാനമായും ഉണ്ടായിരുന്നത്. കോട്ടയം, പത്തനംതിട്ട ജില്ലകൾ കേന്ദ്രീകരിച്ചുള്ള സമരപ്രചരണ ജാഥകൾ, ഹൈക്കോടതിയിൽ കേസുകൾ, പ്രാദേശിക സമരസമ്മേളനങ്ങൾ ഇങ്ങനെ പോയി പരിപാടികൾ.


ഫോട്ടോ: എൻ.എ. നസീർ

**പശ്ചിമഘട്ടമെന്നാൽ കേരളത്തിന്റെ കിഴക്കൻ മേഖലയിലുള്ള ഒരു വൻമതിലല്ലെന്നും ഞാൻ തിരിച്ചറിയുന്നു. അതിന്റെ ഉയർച്ചമാത്രമല്ല, താഴ്ചയും ശൂന്യതയും കേരളത്തിന്റെ കാലാവസ്ഥയിലും സാമ്പത്തിക വ്യാപാര വ്യവസായ മേഖലകളിലും നമ്മുടെ അയൽബന്ധങ്ങളിലും നിർണ്ണായക പങ്കുവഹിക്കുന്നു**

മോഹൻകുമാറിന്റെയും ഡോ. സതീശ് ചന്ദ്രൻനായരുടെയും ക്ലാസ്സുകളും പ്രൊഫ. ജോൺസി ജേക്കബ്, എസ്. പ്രഭാകരൻനായർ എന്നിവരുടെ കത്തുകളുമാണ് പരിസ്ഥിതി രംഗത്ത് എന്നെ ഉറച്ചുനിൽക്കാൻ പ്രേരിപ്പിച്ചത്. മൂക്കൻപെട്ടിയിലെ സെലക്ഷൻഫെല്ലിംഗിന് നീക്കിവെച്ച 800 ഹെക്ടറിൽ 700 ഉം സംരക്ഷിക്കാൻ സമരസമിതിക്ക് കഴിഞ്ഞു. ഈ വിജയം ഒരു നാഷണൽ സെമിനാറിലാണ് സമാപിച്ചത്. 1986 ഡിസംബറിൽ മുക്കൂട്ടുതറയ്ക്ക് അടുത്തുള്ള മുട്ടപ്പള്ളി തിരുവള്ളുവർ ഹൈസ്കൂളിലും അംബേദ്കർ യു.പി.സ്കൂളിലുമായി നടത്തിയ രണ്ടുദിവസത്തെ സെമിനാറോടുകൂടി സമരം പര്യവസാനിച്ചു. സുന്ദർലാൽ ബഹുഗുണ (ചിപ്കോ), പാണ്ഡുരംഗ ഹെഗ്ഡെ (അപ്പിക്കോ), സുഗതകുമാരി തുടങ്ങിയ പ്രശസ്ത പരിസ്ഥിതി പ്രവർത്തകർ ഈ ക്യാമ്പിന് നേതൃത്വം നൽകി. സമരസമിതിയുടെ കൺവീനർ എന്ന നിലയിൽ ഒട്ടേറെ സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടായെങ്കിലും പശ്ചിമഘട്ടത്തെയും അതിലെ ജൈവവൈവിദ്ധ്യത്തെയും തിരിച്ചറിയാൻ ഇതെന്നെ വളരെ സഹായിച്ചു.

## പശ്ചിമഘട്ട രക്ഷായാത്ര

മൂക്കൻപെട്ടി സമരത്തോടെ കേരളത്തിലെ പരിസ്ഥിതി പ്രതിരോധ സമരങ്ങളുമായി ബന്ധപ്പെടുവാനും ഭാഗഭാക്കാകാനും നിർബ്ബന്ധിതനായി. നിരവധി പ്രാദേശിക സമരങ്ങളിൽ പങ്കാളിയാകാൻ ഇതിനകം കഴിഞ്ഞു. 1987 നവംബർ ഒന്നാം തീയതി പശ്ചിമഘട്ട തെക്കൻയാത്ര കന്യാകുമാരിയിൽ നിന്നും ആരംഭിച്ച് തമിഴ്നാട്, കേരളം, കർണ്ണാടകം എന്നീ സംസ്ഥാനങ്ങൾ താണ്ടി 100 ദിവസം കൊണ്ട് ഗോവയിൽ സമാപിക്കുന്നതായിരുന്നു തെക്കൻ യാത്ര. അതേസമയം തന്നെ ഗുജറാത്തിൽ നിന്ന് ആരംഭിച്ച് മഹാരാഷ്ട്ര വഴി ഗോവയിൽ എത്തുന്നതായിരുന്നു വടക്കൻ യാത്ര. 100 ദിവസം പശ്ചിമഘട്ടത്തിലൂടെയുള്ള യാത്രയായിരുന്നു രണ്ടു യാത്രകളും. ഈ യാത്രയായിരുന്നു പശ്ചിമഘട്ടത്തെക്കുറിച്ച് വ്യക്തമായൊരു ചിത്രം എനിക്ക് നൽകിയത്.

## അശാമ്പു കുന്നുകൾ തൊട്ട് ആദൂർ കാടുകൾ വരെ

പശ്ചിമഘട്ട രക്ഷായാത്രയ്ക്കുശേഷം നടന്ന ഒരു പ്രധാന സംഭവമായിരുന്നു പരിസ്ഥിതി സംരക്ഷണ ഏകോപന സമിതിയുടെ രൂപീകരണം. കേരളത്തിലെ പരിസ്ഥിതി പ്രവർത്തകരുടെയും സംഘടനകളുടെയും ഒരു സംയുക്ത യോഗം തൃശൂരിൽ കൂടി. എസ്. പ്രഭാകരൻ നായർ കൺവീനറായും പി.കെ. വേണുഗോപാലും ഞാനും ജോയിന്റ് കൺവീനർമാരായും ഏകോപന സമിതിയും രൂപം കൊണ്ടു. 1988 മെയ് ഒന്നാം തീയതി തിരുവനന്തപുരത്ത് പാറശാലയിൽ നിന്നാരംഭിച്ച് മെയ് 14-ാം തീയതി കാസർഗോഡ് അവസാനിച്ച ഒരു യാത്ര ഞങ്ങൾ സംഘടിപ്പിച്ചു. കേരളത്തിന്റെ വനമേഖലകളിലെ പാരിസ്ഥിതിക-മാനുഷിക പ്രശ്നങ്ങളെ അടുത്തറിയുവാനും മനസ്സിലാക്കുവാനും ഈ യാത്ര സഹായിച്ചു. പിന്നെയും നിരവധി നിരവധി യാത്രകൾ. പശ്ചിമഘട്ടത്തിന്റെ പൊരുൾ അറിയാൻ പ്രതിസന്ധികൾ തിരിച്ചറിയാൻ വെല്ലുവിളികളെ മനസ്സിലാക്കാൻ അങ്ങനെ നിരവധി നിരവധി യാത്രകൾ.

## പങ്കാളിത്ത വനപരിപാലനം

പശ്ചിമഘട്ടത്തെയും വനനിരകളെയും ദൂരെനിന്നു മനസ്സിലാക്കാൻ കഴിഞ്ഞെങ്കിലും അടുത്തറിയുവാനും മനസ്സിലാക്കാനും സാധിച്ചത് പങ്കാളി

ത്ത വനപരിപാലനവുമായി ബന്ധപ്പെട്ട പഠനങ്ങളിലൂടെയാണ്. ഗ്ലോബൽ എൻവയൺമെന്റൽ ഫെസിലിറ്റിയുടെയും ലോകബാങ്കിന്റെയും സഹായത്തോടെ നടപ്പിലാക്കിയ തേക്കടിയിലെ എക്കോ ഡെവലപ്പ്മെന്റ് കമ്മറ്റികളെയും വനസംരക്ഷണ സമിതികളെയും കുറിച്ചുള്ള പഠനമാണ് പശ്ചിമഘട്ടത്തെ അടുത്തറിയാൻ എന്നെ സഹായിച്ചത്. എം.ജി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് ഡയറക്ടറായിരുന്ന ഡോ. രാജൻ ഗുരുക്കളും ഡോ. എസ്. രാജുവും നേതൃത്വം നൽകിയ പഠനങ്ങൾ പശ്ചിമഘട്ടത്തെക്കുറിച്ചുള്ള വ്യക്തമായ ചിത്രം വരച്ചുതന്നു.

പശ്ചിമഘട്ടമെന്നാൽ കേരളത്തിന്റെ കിഴക്കൻ മേഖലയിലുള്ള ഒരു വൻമതിലല്ലെന്നും ഞാൻ തിരിച്ചറിയുന്നു. അതിന്റെ ഉയർച്ചമാത്രമല്ല അതിന്റെ താഴ്ചയും, ശൂന്യതയും കേരളത്തിന്റെ കാലാവസ്ഥയിലും സാമ്പത്തിക വ്യാപാര വ്യവസായ മേഖലയിലും എന്തിനേറെ നമ്മുടെ അയൽബന്ധങ്ങളിലും നിർണ്ണായക പങ്കുവഹിക്കുന്നു. ആര്യങ്കാവു മുതൽ തെക്കോട്ടുള്ള അശാമ്പുമലനിരകളും ആര്യങ്കാവു മുതൽ തേക്കടിവരെ നീണ്ടുകിടക്കുന്ന വിസ്തൃതമായ വന മേഖലയും തേക്കടി മുതൽ മൂന്നാർ വരെ നീണ്ടുകിടക്കുന്ന ഏലമലക്കാടുകളും അതിനപ്പുറത്തുള്ള ഷോല ക്കാടുകളും, പുൽമേടുകളും മുൾവനങ്ങളും മലയാറ്റൂരും വാഴച്ചാലും ചാലക്കുടിയും പറമ്പിക്കുളവും നെല്ലിയാമ്പതിയും ഉൾപ്പെട്ട സഹ്യനിരയും അതുകഴിഞ്ഞുള്ള നീണ്ട പാലക്കാടൻ ഗ്യാപ്പും അതിനപ്പുറം സൈലന്റ് വാലിയും അട്ടപ്പാടിയും നിലമ്പൂർ കാടുകളും വയനാടൻ വനമേഖലയും കണ്ണൂരിലെയും കാസർഗോട്ടെയും ശുഷ്കവനങ്ങളും ഉൾപ്പെടുന്നതാണ് തെക്കൻ പശ്ചിമഘട്ട മലനിരകൾ. കടുവ, പുലി, ആന, മാനുകൾ, അണ്ണാനുകൾ, കുരങ്ങുകൾ, കാട്ടുപോത്ത്, കാട്ടുപന്നി, മലമുഴക്കി വേഴാമ്പൽ മുതൽ തേൻ കുരുവികൾ വരെ സതേൺ ബേഡ് വിംഗ് മുതൽ കുഞ്ഞിച്ചിറകുള്ള ചിത്രശലഭങ്ങൾ വരെ എത്ര ജീവജാലങ്ങൾ. ഷോല കാടുകൾ, പുൽമേടുകൾ, നിത്യഹരിതവനങ്ങൾ, ആർദ്ര ഇലകൊഴിയും കാടുകൾ, വരണ്ട ഇലകൊഴിയും കാടുകൾ, മുൾവനങ്ങൾ, നദീതീരവനങ്ങൾ എന്നുതുടങ്ങി എത്രയെത്ര വനവൈവിദ്ധ്യങ്ങൾ.

വികസനത്തിന്റെയും ഊർജ്ജത്തിന്റെയും ടൂറിസത്തിന്റെയും തീർത്ഥാടനത്തിന്റെയും പേരിൽ വെട്ടിനശിപ്പിക്കപ്പെടുകയോ തുണ്ടംതുണ്ടമാക്കപ്പെടുകയോ ചെയ്ത കേരളത്തിലെ വനഭൂമിയുടെ കണക്ക് എവിടെ തപ്പിയാൽ കിട്ടും? ആഹാര സമ്പാദനത്തിനായി ദിവസേന ശരാശരി 40 കിലോ മീറ്ററെങ്കിലും സഞ്ചരിക്കേണ്ടി വരുന്ന ഒരു ആനയുടെ ഗതി എന്ത്?

## പശ്ചിമഘട്ടവും വനവാസികളും

യഥാർത്ഥത്തിൽ വനമെന്തെന്ന് എനിക്ക് കാട്ടിത്തന്നത് കേരളത്തിലെ ആദിവാസികളാണ്. ഇന്ന് 36 ആദിവാസി വിഭാഗങ്ങൾ കേരളത്തിലെ വനങ്ങളിലും അല്ലാതെയും ജീവിക്കുന്നു. കാട്ടിൽ അലഞ്ഞുതിരിഞ്ഞു വിഭവ ശേഖരണം നടത്തുന്ന നിലമ്പൂരിലെ ചോലനായ്ക്കന്മാരും പെരിയാർ-റാന്നി മേഖലയിലെ മലമ്പണ്ടാരങ്ങളും മുതൽ മുഖ്യധാരയിൽ ലയിച്ചുചേർന്ന സാമ്പത്തികവും സാമൂഹ്യവുമായി ഉന്നതി നേടിയ മലയരയർ വരെ നീണ്ടുകിടക്കുന്നതാണ് കേരളത്തിലെ ആദിവാസികൾ.

പട്ടികവർഗ്ഗ വകുപ്പ്, വനംവകുപ്പ്, സഹകരണ വകുപ്പ്, റബ്ബർബോർഡ്, ത്രിതല പഞ്ചായത്തുകൾ എന്നിവരെല്ലാം ക്രിയാത്മകമായി പ്രവർത്തിച്ചിട്ടും നൂറുകണക്കിനുകോടി രൂപ ചെലവഴിച്ചിട്ടും കേരളത്തിലെ ആദിവാസികളുടെ നില പിന്നോട്ടുതന്നെയാണ്. ആദിവാസി ക്ഷേമത്തിനായി കേന്ദ്ര സർക്കാരും സുപ്രീംകോടതിയും നിർദ്ദേശിക്കുന്ന കാര്യങ്ങൾ കേരളത്തിൽ അട്ടിമറിക്കപ്പെടുന്നു. ആദിവാസി ക്ഷേമത്തിനുള്ള പണമത്രയും ആരോ കൈയ്യിട്ടുവാരുന്നു. കാൽനൂറ്റാണ്ടായിട്ടും പണിതീരാത്ത വീടുകൾ എല്ലാ ആദിവാസി കോളനിയിലും നിലനിൽക്കുന്നു. ആദിവാസി പ്രശ്നമെന്നാൽ ഭൂപ്രശ്നം മാത്രമായി ചർച്ച ചെയ്യപ്പെടുന്നു.

ചുരുക്കത്തിൽ പശ്ചിമഘട്ടം ഇന്ന് വെട്ടിമുറിക്കപ്പെട്ട തുണ്ടുകളാണ്. ആർത്തിപൂണ്ട മലയാളി സമൂഹം എല്ലാ വിഭവങ്ങളും കൊള്ളയടിക്കുന്ന തിരക്കിലാണ്. നമ്മുടെ ഇടനാടൻ കുന്നുകൾ ഇടിച്ചുനിരത്തി തണ്ണീർത്തടങ്ങളും വയലുകളും നികത്തുന്നതിനോടൊപ്പം കേരളത്തിന്റെ ഭൂവിസ്തൃതി കുറയ്ക്കുകയും ചെയ്യുന്നു. പശ്ചിമഘട്ടത്തിന്റെ മലനിരകൾ ക്വാറി മാഫിയകളുടെ വിളയാട്ട ഭൂമിയായി. അവർ വന്യജീവി സങ്കേതങ്ങൾ വരെ കയ്യേറിത്തുടങ്ങി. ശബരിമല, മലയാറ്റൂർ തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങൾ മാലിന്യ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. പമ്പയും പെരിയാറും ചാലക്കുടിയും ഭാരതപ്പുഴയും ചാലിയാറും ഉൾപ്പെടെ കേരളത്തിലെ മുഴുവൻ നദികളും മലീമസമായി. കേരളത്തിന്റെ രക്ഷാകവചമായ പശ്ചിമഘട്ടം കാലാവസ്ഥാ വ്യതിയാനത്തിന്റെയും കയ്യേറ്റത്തിന്റെയും ടൂറിസത്തിന്റെയും തോന്ന്യാസങ്ങളുടെയും വിളനിലമായി മാറിയിരിക്കുന്നു.


**സൈക്കിൾ യാത്ര**
മലപ്പുറം ജില്ലയിലെ തിരൂരിൽ നിന്നും പൊന്നാനി, ചാവക്കാട്, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട വഴി തൃശൂരിലേക്ക്.
**2013 ജനുവരി 11,12,13**
ബന്ധങ്ങൾക്ക്: പോൾ, 9447285053

**കേരള പ്രകൃതിജീവന പരിസ്ഥിതി ക്യാമ്പ് തീക്കോയിയിൽ**
പ്രകൃതിജീവന സമിതി, കോട്ടയം ജൈവകർഷക സമിതി, ഭൂമിക പൂഞ്ഞാർ എന്നിവരുടെ ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിലെ തീക്കോയിയിൽ വച്ച് 2013 ജനുവരി 25,26,27 തീയതികളിൽ.
***ബന്ധങ്ങൾക്ക്:***
ജോർജ്ജ്കുട്ടി കടപ്ലാക്കൽ, അരുവിത്തുറ, കോട്ടയം - 686122.
ഫോൺ: 9447181316

**കേരളീയം വരിസംഖ്യ**
**240 രൂപ**
**വൈകാതെ അയയ്ക്കുമല്ലോ...**
**അറിയിപ്പുകൾ**
**അഭിപ്രായങ്ങൾ**
എഴുതുക /വിളിക്കുക /അയക്കുക
**കേരളീയം,**
**കൊക്കാലെ, തൃശൂർ-21**
ഫോൺ : 0487-2421385, 9446576943
email: mailkeraleeyam@gmail.com